"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.ദീപ. ആർ., ക്ലർക്ക്, കളക്ടറേറ്റ്, എറണാകുളം എന്നവരുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1628/2025/LSGD തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-
1. 10/05/2013-ലെ 42/2013/ധന നം. പരിപത്രം
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. 14/06/2023-ലെ സ.ഉ.(സാധാ)നം.1232/2023/തസ്വഭവ
4. 06/07/2024-ലെ സ.ഉ.(സാധാ)നം.1231/2024/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10/04/2025-ലെ 988/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീമതി.ദീപ. ആർ., ക്ലർക്ക്, കളക്ടറേറ്റ്, എറണാകുളം എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ 21/06/2023 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4) പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ അന്യത്രസേവന കാലാവധി 20/06/2025-ൽ അവസാനിക്കുന്നതായും 21/06/2025 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ദീപ. ആർ., ക്ലർക്ക്, കളക്ടറേറ്റ്, എറണാകുളം എന്നവരുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) പരിപത്രത്തിലെയും, പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 21/06/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.ദീപ. ആർ., ക്ലർക്ക്, കളക്ടറേറ്റ്, എറണാകുളം (ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/126/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 05-07-2025 15:17:09
സെക്ഷൻ ഓഫീസർ